**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **13-02-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാല ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സർവകലാശാലകൾക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക; നാളിതുവരെ അനുവദിച്ച തുക എന്നിവ ലഭ്യമാക്കാമോ; | (എ) | സർവകലാശാല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :<br><br>**കേരള സർവകലാശാല**<br><br>2024-25 സാമ്പത്തിക വർഷം കേരള സർവകലാശാലയുടെ വാർഷിക പദ്ധതിയുടെ കീഴിലെ വിവിധ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയ തുക - 35.2 കോടി രൂപ. പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധനയിലാണ്.<br><br>**എം.ജി. സർവകലാശാല**<br><br>2024-25 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക – 3645 ലക്ഷം രൂപ.<br><br>അനുവദിച്ച തുക – 1230.62071 ലക്ഷം രൂപ.<br><br>**കാലിക്കറ്റ് സർവകലാശാല**<br><br>2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ സർവ്വകലാശാലയ്ക്ക് പദ്ധതിയിനത്തിൽ 3180 ലക്ഷം രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്.<br><br>അനുവദിച്ച തുക - 328.47 ലക്ഷം രൂപ.<br><br>**കണ്ണൂർ സർവകലാശാല**<br><br>ബഡ്ജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക – 3200 ലക്ഷം രൂപ.<br><br>നാളിതുവരെ അനുവദിച്ച തുക<br><br>217.35 ലക്ഷം രൂപ (resumed fund)<br><br>257.14 ലക്ഷം രൂപ (e-Lams) |

| | | | |
|---|---|---|---|
| | | | **<u>കുസാറ്റ്</u>**<br><br>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക - 31.25 കോടി രൂപ (ഭരണാനുമതി ലഭിച്ച തുക - 2566.29 ലക്ഷം രൂപ)<br><br><u>നാളിതുവരെ അനുവദിച്ച തുക</u><br><br>I. ഇ-ലാംസ് വഴി ലഭിച്ച തുക - 5.58 കോടി രൂപ<br><br>II. അനുവദിച്ച ആദ്യ ഗഡു - 3.46 കോടി രൂപ<br><br>**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**<br><br>ബഡ്ജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക – 2205ലക്ഷം രൂപ.<br><br>അനുവദിച്ച തുക - 171.82 ലക്ഷം രൂപ.<br><br>**<u>നുവാൽസ്</u>**<br><br>സർക്കാർ ഉത്തരവ് പ്രകാരം നേരത്തെ ബഡ്ജറ്റ് അനുമതി ലഭിച്ച തുകയുടെ 50% മുൻഗണനാടിസ്ഥാനത്തിൽ revised plan proposal (2024-25) സമർപ്പിച്ചിരുന്നു. അതിൻ പ്രകാരം 612.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു.<br><br>അനുവദിച്ച തുക - 152.19 ലക്ഷം രൂപ.<br><br>**<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>**<br><br>ബഡ്ജറ്റിൽ വകയിരുത്തിയ തുക – 1035 ലക്ഷം രൂപ.<br><br>നാളിതുവരെ അനുവദിച്ചത് - 301.59 ലക്ഷം രൂപ.<br><br>**<u>എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല</u>**<br><br>ബഡ്ജറ്റിൽ വകയിരുത്തിയ തുക – 2570 ലക്ഷം രൂപ.<br><br>അനുവദിച്ച തുക – 1235 ലക്ഷം രൂപ.<br><br>**<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>**<br><br>വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം സർവകലാശാലകൾക്ക് പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുകയുടെ അൻപത് ശതമാനം | (ബി) | സർവകലാശാലകളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല; പ്ലാൻ |

| | | | |
|---|---|---|---|
| | വെട്ടിക്കുറക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അൻപത് ശതമാനം കുറവു വരുത്തി സർവകലാശാലകൾ സമർപ്പിച്ച പുതുക്കിയ പ്രപ്പോസൽ പ്രകാരം ഓരോ സർവ്വകലാശാലക്കും പ്ലാൻ ഗ്രാന്റിനത്തിൽ നടപ്പ സാമ്പത്തിക വർഷം അനുവദിക്കേണ്ട തുക,നാളിതുവരെ സർക്കാർ അനുവദിച്ച തുക തുടങ്ങിയ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ; | | ഫണ്ട് മുൻഗണനാക്രമത്തിൽ 50% ആയി നിജപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) | സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക പൂർണമായും അനുവദിക്കാതിരുന്നതു മൂലം, 2017-2018 മുതൽ 2022-2023 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലിക്കറ്റ് സർവകലാശാല തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 28.42 കോടി രൂപ തിരികെ ആവശ്യപ്പെട്ട സമർപ്പിച്ച അപേക്ഷ നിരസിച്ച കൊണ്ട് മറുപടി നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത അപേക്ഷ, “the recurring and asset creation activities of grant in aid institutions have to be met from their own resources too” എന്ന് സൂചിപ്പിച്ചുകൊണ്ട് 01.09.2023 തീയതിയിലെ B1/127/2023/HEDN നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തുക സർവ്വകലാശാലയ്ക്ക് ലഭ്യമാക്കുന്നതിന് അനുകൂലമായ തീരുമാനം പിന്നീട് സ്വീകരിച്ചോയെന്നും തുക തിരികെ നല്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ